# 75. അരണ

'അരണ കടിച്ചാൽ ഉടനെ മരണം' എന്ന്, അറുപത്തിയഞ്ചു വർഷം മുമ്പ് ഒന്നാംപാഠപുസ്തകത്തിൽ ഞങ്ങൾ പഠിച്ചിരുന്നു. വീട്ടിനകത്ത് ഗൗളികൾ (പല്ലികൾ) പോലെ, വീട്ടിനുപുറത്ത്, മുററത്തും തൊടിയിലും, അരണകൾ അന്നു ധാരാളം ഉണ്ടായിരുന്നു. അപൂർവമായി വല്ലപ്പോഴും മാത്രം കാണാൻ കിട്ടിയിരുന്ന പാമ്പുകൾ കടിച്ചു മരിച്ചവരുടെ എണ്ണം അക്കാലത്തു കുറവായിരുന്നില്ല. സ്കൂളിനടുത്തു പാർത്തിരുന്ന തട്ടാൻ കിട്ടു പേരുകേട്ട ഒരു വിഷവൈദ്യനായിരുന്നു. കിട്ടുയുടെ വീട്ടിൽ പാമ്പുകടിയേററ രോഗികളെ മരണത്തിനുമുമ്പും മരിച്ചശേഷവും കൊണ്ടുവരുന്നതു ഞങ്ങൾ കൂടെക്കൂടെ കണ്ടിരുന്നു. എന്നിട്ടും, അരണ കടിച്ച ഒരു രോഗിയേയും ആരും അങ്ങോട്ടു കൊണ്ടുവരാത്തതെന്തുകൊണ്ടാണെന്ന സംശയം ഞങ്ങളുടെ ക്ലാസ്സിലെ ഏതോ സമർത്ഥന്റെ പിഞ്ചുബുദ്ധിയിൽ ഉദിക്കാതിരുന്നില്ല. 'അതെങ്ങനെയാ കുട്ടീ, അരണ കടിക്കുക? വിചാരിക്കുന്നതു് ഉടൻ മറക്കുന്ന ബുദ്ധിയല്ലേ അരണയുടേതു്? ആരെയെങ്കിലും കടിക്കണമെന്നു വിചാരിച്ചാൽത്തന്നെ, ആ വിചാരം ഉടൻ അരണ മറന്നുപോവില്ലേ? പിന്നെ എങ്ങനെ കടിക്കും?' എന്ന ടീച്ചറുടെ (മിസ്ട്രസ് എന്നായിരുന്നു ഞങ്ങൾ അവരെ വിളിച്ചിരുന്നതു്) വിശദീകരണം അന്നു ഞങ്ങൾക്കു തികച്ചും തൃപ്തികരമായിത്തോന്നി. ഒന്നും ഓർമയിൽ നിൽക്കാത്ത കുട്ടികളെ 'അരണബുദ്ധികൾ' എന്നു വിളിച്ചു് ആക്ഷേപിക്കുന്ന പതിവ് അന്നുണ്ടായിരുന്നുതാനും.

അരണ നക്കിയാൽ ആളുകൾ മരിക്കുമെന്ന വിശ്വാസം ഇന്ത്യയിലെ മററു ചില പ്രദേശങ്ങളിലുമുള്ളതായി പ്രശസ്ത വന്യമൃഗനിരീക്ഷകനായ ശ്രീ എം. കൃഷ്ണൻ രേഖപ്പെടുത്തിയിട്ടുണ്ട്. പാമ്പുകൾക്കെന്നപോലെ അരണകൾക്കും നാവ് പരിസരപഠനത്തിനുള്ള, സൂക്ഷ്മവും സമർത്ഥവുമായ ഒരു ജ്ഞാനേന്ദ്രിയമാകുന്നു. അരണ കൂടെക്കൂടെ നാവു പുറത്തേക്കു നീട്ടുന്നതു മുമ്പിലുള്ള വസ്തുക്കളെ തൊട്ടുനോക്കാനും, വായുവിന്റെ ചൂട്, സവിശേഷഘടന മുതലായവ മനസ്സിലാക്കാനുമാണ്. ഒരു അരണയുടെ മുമ്പിൽ പരീക്ഷണാർത്ഥം വെച്ചുകൊടുത്ത തന്റെ കാലിന്റെ പെരുവിരലിൽ അതു നക്കിയെന്നും, അങ്ങനെ അരണയുടെ നക്കൽ മാരകമാണെന്ന വിശ്വാസം തെററാണെന്നു തെളിഞ്ഞുവെന്നും ശ്രീ എം. കൃഷ്ണൻ പറയുന്നു. നക്കിയതു വളരെ മൃദുവായും വൈദഗ്ധ്യത്തോടെയും ആയിരുന്നതിനാൽ, അരണയുടെ നാവിന്റെ സ്പർശം താനറിഞ്ഞില്ലെന്നും, നക്കുന്നതു കണ്ണുകൊണ്ട് കാണാൻ മാത്രമേ കഴിഞ്ഞുള്ളുവെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

ഗൗളികളേക്കാൾ വലിപ്പവും വർണഭംഗിയും അരണകൾക്കുണ്ടെങ്കിലും, വിഷത്തെപ്പററിയുള്ള ഭയം നിമിത്തമാകണം, അരണകളോടു നാം അധികം അടുക്കാറില്ല. മുതിർന്ന ഒരു അരണയ്ക്കു് മൂക്കുമുതൽ വാലററംവരെ ഏതാണ്ടു പത്തിഞ്ചു നീളമുണ്ടാവും. എണ്ണമിനുപ്പുള്ള മഞ്ഞപ്പച്ച നിറമാണ് അതിന്റെ പുറം; വയറ് തിളങ്ങുന്ന വെള്ളനിറവും. രണ്ടു വശങ്ങളിലും, മൂക്കുമുതൽ വാൽവരെ മങ്ങിയ നിറത്തിലുള്ള രണ്ടു വരകൾ വേറിട്ടുകാണാം. താരതമ്യേന പുഷ്ടിയുള്ള ശരീരം സുന്ദരമല്ലെന്നു പറഞ്ഞുകൂടാ. നീണ്ടുകൂർത്തതാണ് അരണയുടെ വാൽ. ആക്രമിക്കുന്ന ശത്രുക്കളുടെ മുമ്പിൽ, ഗൗളികൾപോലെ അരണകളും, വാൽ മുറിച്ചിട്ടു കൊടുത്ത് ഓടി രക്ഷപ്പെടാറുണ്ടത്രെ. അങ്ങനെ മുറിച്ചുകളഞ്ഞ വാൽ വീണ്ടും വളർന്ന

പഴയനിലയിലെത്തും. അരണയുടെ ശരീരത്തിലും, പാമ്പുകളുടെ ശരീരത്തിലെന്നപോലെ, ചെറിയ ചെതുമ്പലുകളുണ്ടു്. സൂക്ഷിച്ചുനോക്കിയാൽ ഈ ചെതുമ്പലുകൾ നിർമിക്കുന്ന വിചിത്രങ്ങളായ പാറേറണുകൾ തൊലിപ്പുറത്തു്, എണ്ണമയത്തിനു കീഴെ കാണാം. അരണകളുടെ വിഷത്തെപ്പററിയുള്ള ബഹുജനവിശ്വാസത്തിനു കാരണം ഈ എണ്ണമയമായിരിക്കാം. അരണ വീണ ഭക്ഷ്യപദാർഥങ്ങൾ അകത്തു ചെന്നതിൻ ഫലമായി അതിസാരം ബാധിച്ചു് ആളുകൾ മരിച്ചിട്ടുള്ളതായി പറയപ്പെടുന്നതിൽ പരമാർഥം എത്രയുണ്ടെന്നറിഞ്ഞുകൂടാ. തന്റെ തൊടിയിലെ അരണകളെ വേട്ടയാടി കൊല്ലാറുള്ള ഒരു കാടൻ (ആൺ) പൂച്ചയെപ്പററി ശ്രീ എം. കൃഷ്ണൻ പറയുന്നുണ്ടു്: കൊല്ലുകയല്ലാതെ, അരണകളെ ഈ പൂച്ച തിന്നാറില്ലത്രെ. അരണയുടെ വിഷത്തെ കാടൻ പൂച്ചയും ഭയപ്പെടുന്നുണ്ടാവണം.

'മാബുയ കാരിനാററ' എന്നാണു് അരണയുടെ ജന്തുശാസ്ത്രീയനാമം. അരണകളുടെ ഇണചേരലിനെപ്പററി ഒന്നും അറിവായിട്ടില്ലെന്നു് അടുത്തു പ്രസിദ്ധീകരിച്ച ഇന്ത്യയിലെ ഇഴജന്തുക്കളെപ്പററിയുള്ള ഒരു പുസ്തകത്തിൽ പറഞ്ഞിട്ടുണ്ടത്രെ. ഏതായാലും അരണകളുടെ വിവാഹവും ദാമ്പത്യജീവിതവും മുപ്പതു വഷം മുമ്പുതന്നെ ശ്രീ എം. കൃഷ്ണൻ സൂക്ഷിച്ചു നിരീക്ഷിക്കുകയും, ചിത്രങ്ങളിൽ പകർത്തുകയുംചെയ്തിട്ടുണ്ടു്. ഒരാഴ്ചയോളം അദ്ദേഹം ഈ നിരീക്ഷണത്തിനു ചെലവാക്കി. അദ്ദേഹം കണ്ട അരണ—ഇണകൾക്കു പുറത്തെ മഞ്ഞപ്പച്ചനിറത്തിൽ നല്ല ചുകപ്പുരാശികൂടി ഉണ്ടായിരുന്നു ഇതൊരു വിവാഹകാലസവിശേഷത ആയിരിക്കാം. പിന്നിൽ നടന്നിരുന്ന, അതിനാൽത്തന്നെ പുരുഷനെന്നു കരുതാവുന്ന, അരണയുടെ വാൽ മുറിഞ്ഞുപോയിരുന്നു; അതിന്റെ നിറം താരതമ്യേന ഇരുണ്ടതുമായിരുന്നു.

അടുത്തുചെന്നു ഫോട്ടോ എടുക്കാൻ ആദ്യത്തെ രണ്ടു ദിവസവും അരണകൾ ശ്രീ എം കൃഷ്ണനെ അനുവദിച്ചില്ല. അനക്കം കേട്ടാലുടൻ അവ ഓടിയൊളിക്കുമായിരുന്നു. മുട്ടുകുത്തി ഇഴഞ്ഞും, ഒരു കൈയിൽ ക്യാമറ ഉയർത്തിപ്പിടിച്ചുമാണു്, മൂന്നാം ദിവസംമുതൽ ശ്രീ എം കൃഷ്ണൻ ഫോട്ടോ എടുക്കാൻ തുടങ്ങിയതു്. പിന്നീടു് അവ അദ്ദേഹത്തെ ശ്രദ്ധിക്കാതായി. അരണകളുടെ കാമകേളികളിൽ ആക്രമണത്തിന്റെയോ ബലാല്ക്കാരത്തിന്റെയോ നിഴൽപോലുമില്ലെന്നു് ശ്രീ എം. കൃഷ്ണൻ പറയുന്നു. സൗമ്യമായും മാന്യതപുലർത്തിയുമാണു് അരണവരൻ അരണവധുവിനെ അനുനയിച്ചതു്. മുട്ടിയുരുമ്മിയും, മൂക്കുകൊണ്ടു് വധുവിന്റെ വാലും ഉടലും സ്പർശിച്ചും വരൻ ഏറെസമയം ആനന്ദമനുഭവിച്ചു. ചിലപ്പോൾ ഈ കാമുകീകാമുകന്മാർ മുഖത്തോടു മുഖം തിരിഞ്ഞിരുന്നു പരസ്പരം മൂക്കുകൾ മുട്ടിച്ചു. അനുനയം തുടങ്ങി നാലാംദിവസമാണു് അവ ആദ്യമായി ഇണചേർന്നതു്. അന്നും പിറേറന്നും ഈ പ്രക്രിയ ആവർത്തിക്കപ്പെട്ടു. അഞ്ചാംദിവസം ശ്രീ എം. കൃഷ്ണനു് അരണനിരീക്ഷണത്തിനു സൗകര്യമുണ്ടായിരുന്നില്ല. ആറാമത്തെ ദിവസം അദ്ദേഹം വരുമ്പോഴേക്കും അരണവരൻ അപ്രത്യക്ഷനായിക്കഴിഞ്ഞിരുന്നു. എന്നാൽ, അന്നും, പിന്നീടു കുറെ ദിവസവും, വധു അവിടെത്തന്നെ ഉണ്ടായിരുന്നു. എന്നും വൈകുന്നേരം അവൾ ചുവരിലൂടെ ഇഴഞ്ഞുകയറി മേൽപ്പുരയുടെ ഓടുകൾക്കിടയിൽ അഭയം തേടുമായിരുന്നു.

ഗൗളികൾ മുട്ടയിട്ടു വിരിയിക്കുകയാണു ചെയ്യുന്നതു്. പക്ഷേ, അരണകളുടെ മുട്ടകൾ അവയുടെ ഗർഭപാത്രത്തിനകത്തുവെച്ചുതന്നെ വിരിയുന്നു. അങ്ങനെ തികച്ചും വളന്ന കുഞ്ഞുങ്ങളെയാണു് അരണയമ്മ പ്രസവിക്കുന്നതു്. അരണയുടെ പ്രസവമോ ശിശുപരിപാലനമോ ചിത്രങ്ങളിൽ പകത്താൻ കഴിയാത്തതിൽ ശ്രീ എം. കൃഷ്ണൻ ഖേദം രേഖപ്പെടുത്തുന്നു. എന്നാ

ലെന്തു്? അവയുടെ കാമകേളികളുടെ അത്യപൂർവങ്ങളായ ഒട്ടേറെ ചിത്രങ്ങൾ അദ്ദേഹത്തിന്റെ ക്യാമറയിലൂടെ രൂപം കൊണ്ടിട്ടുണ്ടു്!

അരണയെപ്പററി ശ്രീ. എം. കൃഷ്ണൻ എഴുതിയതു വായിക്കമ്പോൾ അദ്ദേഹം മുപ്പതു വർഷംമുമ്പു് അനുഭവിച്ച പ്രകൃതിനിരീക്ഷണാനന്ദത്തിന്റെ ഒരംശം എന്നിലും നിറഞ്ഞുവരുന്നതുപോലെ തോന്നി. ആ ആനന്ദം വായനക്കാരുമായി പങ്കിടുകയാണു് ഈ കുറിപ്പിന്റെ ഉദ്ദേശ്യം. ഇതു നിങ്ങൾ വായിച്ചശേഷം എപ്പോഴെങ്കിലും ഒരു അരണയെ കണ്ടാൽ കുറച്ചു നേരം അതിനെ നോക്കി നിൽക്കുമോ? നിൽക്കുമെങ്കിൽ, ഈ കുറിപ്പു് എഴുതാൻ ചെയ്ത ശ്രമം സഫലമായി.

(28 ഏപ്രിൽ, 1985)

# 76. ഒരു സേവനവ്യവസായം

അയ്യപ്പന്മാരുടെ തിരക്കുകാരണം തീവണ്ടിയുടെ രണ്ടാംക്ലാസ്സിൽ ഇരിക്കാനെന്നല്ല നിൽക്കാൻതന്നെ ഇടം കിട്ടാത്തതുകൊണ്ടാണു ഞാൻ ഒന്നാം ക്ലാസ്സിൽ യാത്രചെയ്യാമെന്നുവെച്ചതു്. അതു നന്നായി. കാരണം, ഒന്നാം ക്ലാസ്സിൽ കയറിയതുകൊണ്ടു് ജോൺ ഏബ്രഹാമിനെ പരിചയപ്പെടാൻ കഴിഞ്ഞു.

മദ്ധ്യകേരളത്തിൽ പിറന്ന ജോൺ ഏബ്രഹാം ഏറെ വർഷങ്ങളായി പടിഞ്ഞാറൻ ജർമനിയിലാണു പാർക്കുന്നതു്. ആ രാജ്യത്തിലെ പൗരത്വം നേടിക്കഴിഞ്ഞുവോ എന്നുകൂടി സംശയമുണ്ടു്. (അക്കാര്യം ഞാൻ ചോദിച്ചില്ല). സേവനവ്യവസായങ്ങളിലൊന്നിൽ ഏർപ്പെട്ടു ധാരാളം പണം നേടിയിട്ടുണ്ടു്. അങ്ങനെയിരിക്കെ പിറന്ന നാടു് കണ്ടുപോവാൻ വന്നതാണു്.

'എന്തു സേവനം?' ഞാൻ ചോദിച്ചു.

'ശവസംസ്കാരം'; ജോൺ ഏബ്രഹാം പറഞ്ഞു.

അങ്ങനെയും ഒരു വ്യവസായമോ? എന്റെ ജിജ്ഞാസ ഉണർന്നു. ജോൺ ഏബ്രഹാം വാചാലനായി. കൈയിലുള്ള വിലപിടിച്ച ബ്രീഫ് കേസിൽനിന്നു് മനോഹരമായി അച്ചടിച്ച പല ലഘുലേഖകളും അദ്ദേഹം പുറത്തെടുത്തു. തന്റെ കമ്പനിവക ബിസ്സിനസ് പ്രൊമോഷൻ സാഹിത്യം. ചുരുക്കിപ്പറഞ്ഞാൽ, തൃശ്ശൂരിലെത്തിയതു ഞാൻ അറിഞ്ഞില്ല. വളരെയധികം വിരസമാകുമായിരുന്ന ഒരു യാത്ര ഇത്രയും രസകരമാക്കിയതിനു് അയ്യപ്പന്മാർക്കു സ്തുതി!

പടിഞ്ഞാറൻ ജർമനിയിൽ ആകെ ആറേകാൽ കോടിയിൽ താഴെ ജനങ്ങളേ ഉള്ളൂ. (ആന്ധ്രപ്രദേശിലേക്കാൾ അല്പം കൂടുതൽ). സമൃദ്ധമാണു രാജ്യം. ജനങ്ങളുടെ പ്രതിശീർഷവരുമാനം ഇന്ത്യയിലെ ജനങ്ങളുടെ പ്രതിശീർഷവരുമാനത്തിന്റെ ഏതാണ്ടു് അമ്പതു് ഇരട്ടി വരും. അതിനാൽ ജീവിതനിലവാരവും ഉയർന്നതാണു്. രോഗചികിത്സപോലെ വൈദഗ്ധ്യം ആവശ്യമുള്ള ഒരു സേവനമായാണു് അവിടെ ശവസംസ്കാരം പരിഗണിക്കപ്പെടുന്നതു്. ശവസംസ്കാരസേവനം നൽകുന്ന മൂവായിരത്തിലേറെ കമ്പനികൾ പശ്ചിമജർമനിയിലുണ്ടു്. മരിച്ചവർക്കു വേണ്ട ശവപ്പെട്ടിയും ഉടുപ്പുകളും മററും നാല്പതു ഫാക്ടറികളിൽ തയ്യാറാക്കപ്പെടുന്നു. ശവസംസ്കാരവ്യവസായത്തിന്റെ ആകെ വാർഷികവരുമാനം